II ഇ. ബി. XIV - കേരള നിയമസഭ/XIII- 1

# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 നവംബർ 28, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

(ശബരിമലയിലേർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞയും നിയന്ത്രണങ്ങളും പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

1(*1, *3, *4 & *26) പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പ്രളയാനന്തര പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള

പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്നൊരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പുനർനിർമ്മാണത്തിനായി വേണ്ടിവരുന്ന തുക ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെയുള്ള വിവിധ മാർഗ്ഗങ്ങളിലൂടെയാണ് സ്വരൂപിക്കുന്നതെന്നും ഇതിനായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിച്ചിട്ടുണ്ടെന്നും പുനർനിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ പ്രസ്തുത പോർട്ടലിൽ ലഭ്യമാണെന്നും പദ്ധതികൾക്ക് പൂർണ്ണമായോ ഭാഗികമായോ വ്യക്തികൾ, സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവയ്ക്ക് സംഭാവനകൾ നൽകാൻ കഴിയുമെന്നും സഭയെ അറിയിച്ചു. കേരളത്തിലുണ്ടായ പ്രകൃതിദുരന്തത്തിൽ ലക്ഷക്കണക്കിനാളുകളുടെ വീടുകളും ജീവനോപാധികളും നഷ്ടപ്പെടുകയും നിരവധിപ്പേർ മരണപ്പെടുകയും റോഡുകളും പാലങ്ങളും തകരുകയും ചെയ്തെങ്കിലും വിവിധ സേനാംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മത്സ്യത്തൊഴിലാളികളുടെയും യുവജനങ്ങളുടെയും സമാനതകളില്ലാത്ത രക്ഷാപ്രവർത്തനംമൂലം ദുരന്തത്തിന്റെ തീക്ഷ്ണത കുറയ്ക്കാനും പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത

പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 593.38 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി, ശുദ്ധജലവിതരണം എന്നിവ പുനഃസ്ഥാപിക്കുകയും പകർച്ചവ്യാധികൾക്കെതിരെ മുൻകരുതലെടുക്കുകയും ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുന്നവർക്ക് ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകുകയും തോട്ടം തൊഴിലാളികൾക്ക് സൗജന്യ റേഷൻ ലഭ്യമാക്കുകയും മുൻഗണനേതര വിഭാഗങ്ങൾക്ക് 2018 ഡിസംബർ വരെ അഞ്ചുകിലോ അരി സൗജന്യമായി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തബാധിതർക്ക് അടിയന്തര ധനസഹായമായി പതിനായിരം രൂപയും മരണമടഞ്ഞവരുടെ ആശ്രിതർക്ക് നാലുലക്ഷം രൂപയും അനുവദിക്കുകയും ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) മുഖേന ഒരുലക്ഷം രൂപവരെ വായ്പ ലഭ്യമാക്കുകയും പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും മാലിന്യസംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. പ്രളയത്തിൽ തകർന്ന വീടുകളെ അഞ്ച് വിഭാഗങ്ങളായി തിരിച്ച് നാശനഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക് സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ

അനുവദിച്ചിട്ടുണ്ടെന്നും ഇവർക്കായി 'സുരക്ഷിതകൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്ക്-നഗരസഭാ തലങ്ങളിൽ ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കെയർ ഹോം പദ്ധതി പ്രകാരം രണ്ടായിരം വീടുകൾ നിർമ്മിച്ചു നൽകാനുള്ള നടപടി അന്തിമഘട്ടത്തിലാണെന്നും മുഖ്യമന്ത്രി അറിയിച്ചു. ദുരന്തങ്ങളുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരെ വാസയോഗ്യമായ ഭൂമി കണ്ടെത്തി വീടോ ഫ്ലാറ്റോ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിർമ്മിക്കുന്ന വീടുകളെല്ലാം ദുരന്ത പ്രതിരോധശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി സർക്കാർ/പുറമ്പോക്ക് ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ഇത്തരത്തിൽ സംഭാവന ചെയ്യുന്ന ഭൂമിക്ക് ജില്ലാ കളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവ ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വെള്ളപ്പൊക്കബാധിത പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കാനും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുടെ സാധ്യതാ പഠനങ്ങൾ നടത്തുന്നതിനും

ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സന്ദേശങ്ങൾ ലഭ്യമാക്കാൻ മീഡിയം വേവ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കേരളത്തിന്റെ പുനർനിർമ്മാണത്തിനായി കൂടുതൽ കേന്ദ്രസഹായം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 393 വരെയുള്ള ചോദ്യങ്ങളിൽ 99 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)